**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**പത്രക്കുറിപ്പ്** **'ഭരണഭാഷ-മാതൃഭാഷ'** **2017 ജൂലൈ 15 ശനി**

# കൂടുതൽ വള്ളംകളികളെ ഉൾപ്പെടുത്തി കെ.ബി.എൽ. അടുത്തവർഷം: ധനമന്ത്രി

ആലപ്പുഴ: വിവിധ ജില്ലകളിൽനിന്നുള്ള കൂടുതൽ വള്ളംകളി മത്സരങ്ങളെ ഉൾപ്പെടുത്തി വിപുലമായി നടത്തുന്നതിന് കേരള ബോട്ട് റേസ് ലീഗ്(കെ.ബി.എൽ.) അടുത്തവർഷത്തേക്ക് മാറ്റിയതായി ധനകാര്യവകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് പറഞ്ഞു. ഗതാഗത മന്ത്രി തോമസ് ചാണ്ടിയുടെ സാന്നിധ്യത്തിൽ കളക്ടറേറ്റിൽ കൂടിയ നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ആധ്യക്ഷ്യം വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലീഗ് നടത്തിപ്പിൽ കൂടുതൽ വള്ളംകളികളെ ഉൾപ്പെടുത്തണമെന്ന ആവശ്യം ശക്തമായ സാഹചര്യത്തിൽ അവയെക്കൂടി ഉൾക്കൊള്ളുംവിധത്തിൽ നിയമാവലി പരിഷ്കരിക്കും. നിലവിൽ നെഹ്റു ട്രോഫിയിൽ തുടങ്ങി തൃശൂർ കോട്ടപ്പുറത്ത് അവസാനിക്കുംവിധം ഒമ്പതു വള്ളംകളികളെയാണ് ലീഗിൽ ഉൾപ്പെടുത്തിയിരുന്നത്. കൊല്ലം ജില്ലയിൽനിന്നടക്കം കൂടുതൽ വള്ളംകളികളെ ലീഗിന്റെ ഭാഗമാക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്. ഈ വർഷം തയാറെടുപ്പിന് കുറച്ചു സമയമേ ലഭിക്കുന്നുള്ളൂവെന്ന പരാതിയും പലരും ഉന്നയിച്ചിട്ടുണ്ട്. ലീഗിന്റെ മത്സരകാലയളവ് കുറച്ചു മാസങ്ങൾ കൂടി നീട്ടി കൂടുതൽ വള്ളംകളികളെ ഉൾപ്പെടുത്തണമെന്നും ആവശ്യം ഉയർന്നു. അതിനാലാണ് അടുത്തവർഷത്തേക്ക് ലീഗ് മാറ്റിയതെന്ന് മന്ത്രി പറഞ്ഞു.

## മുഖ്യമന്ത്രി മുഖ്യാതിഥി

ഈ വർഷത്തെ വള്ളംകളിയിൽ മുഖ്യാതിഥിയായി മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും. കഴിഞ്ഞദിവസം ഇതുസംബന്ധിച്ച അറിയിപ്പ് ലഭിച്ചതായി ജില്ല കളക്ടർ വീണ എൻ. മാധവൻ പറഞ്ഞു. സുവനീർ വള്ളംകളി കഴിഞ്ഞ് രണ്ടു മാസത്തിനുള്ളിൽ പുറത്തിറക്കണമെന്നും ഒരു വർഷത്തേക്ക് നീണ്ടുപോകരുതെന്നും ധനമന്ത്രി പറഞ്ഞു. മത്സരത്തിന്റെ തത്സമയ സംപ്രേക്ഷണം ആർക്കു നൽകിയാലും എല്ലാവർക്കും വള്ളംകളി മത്സരം സംബന്ധിച്ച വാർത്ത പകർത്താനും നൽകാനുമുള്ള സൗകര്യമുണ്ടാകണമെന്നും മന്ത്രി പറഞ്ഞു.

## പോസ്റ്റർ പ്രകാശനം ചെയ്തു

നെഹ്റു ട്രോഫിയുടെ പ്രചരണാർഥം പബ്ലിസിറ്റി കമ്മിറ്റി പുറത്തിറക്കിയ പോസ്റ്ററിന്റെ പ്രകാശനം ധനമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് നിർവഹിച്ചു. ജില്ലാ കളക്ടർ വീണ എൻ. മാധവനു നൽകിയാണ് പ്രകാശനം ചെയ്തത്. സൊസൈറ്റി സെക്രട്ടറിയായ ആർ.ഡി.ഒ. എസ്. മുരളീധരൻപിള്ള, പബ്ലിസിറ്റി കമ്മിറ്റി കൺവീനറായ ചന്ദ്രഹാസൻ വടുതല, എ.ഡി.എം. എം.കെ.

കബീർ, ഇൻഫ്രാസ്ട്രക്ച്ചർ കമ്മിറ്റി കൺവീനറായ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ആർ. രേഖ, ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ പി. പാർവതീദേവി എന്നിവർ പങ്കെടുത്തു.

## പുന്നമടയിലെ റോഡുകൾ നന്നാക്കാൻ എം.എൽ.എ. ഫണ്ട്

നെഹ്റു ട്രോഫി നടക്കുന്ന പുന്നമട പ്രദേശത്തെ മോശം റോഡുകൾ അടിയന്തരമായി നന്നാക്കാൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക അനുവദിക്കുമെന്ന് ധന മന്ത്രി വ്യക്തമാക്കി. ഇതുസംബന്ധിച്ച നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ കൈക്കൊള്ളാൻ ജില്ലാ കളക്ടർക്ക് മന്ത്രി നിർദേശം നൽകി.

## കാഴ്ചപ്പൂരമൊരുക്കാൻ നാവികസേനയും

വള്ളംകളി മത്സരത്തിന്റെ ഇടവേളയിൽ നാവിക സേനയുടെ അഭ്യാസപ്രകടനം നടത്തുന്നതിന് കൊച്ചിയിലെ സേനാ മേധാവികളുമായി ചർച്ച നടത്തിയതായി ഗതാഗത വകുപ്പു മന്ത്രി തോമസ് ചാണ്ടി പറഞ്ഞു. കൊച്ചിയിലെ നാവികസേന ഉപമേധാവി കുട്ടനാട്ടുകാരനാണ്. അവർ ഇങ്ങോട്ടു താത്പര്യം കാണിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. നാവികസേനയുടെ അഭ്യാസപ്രകടനവും പുഷ്പവൃഷ്ടിയും മുമ്പ് നടന്നിരുന്നു.

## ഇതരസംസ്ഥാന തുഴച്ചിലുകാർ 25 ശതമാനം മാത്രം

ചുണ്ടൻ വള്ളങ്ങളിലെ തുഴച്ചിലുകാരിൽ ഇതരസംസ്ഥാനക്കാരും ഇതരസംസ്ഥാനങ്ങളിൽ ജോലിചെയ്യുന്നവരും മൊത്തം തുഴച്ചിലുകാരുടെ 25 ശതമാനമേ പാടുള്ളൂവെന്ന നിബന്ധന നടപ്പാക്കാൻ യോഗം തീരുമാനിച്ചു. 18 വയസ് പൂർത്തിയായവർക്കേ മത്സരത്തിൽ വള്ളം തുഴയാനാകൂ.

## തുഴച്ചിലുകാർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്

വള്ളംകളിയിൽ പങ്കെടുക്കുന്ന എല്ലാ തുഴച്ചിലുകാർക്കും ഇക്കുറി ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡ് നൽകുമെന്ന് ജില്ല കളക്ടർ വീണ എൻ. മാധവൻ പറഞ്ഞു. ഇവ കഴുത്തിലണിഞ്ഞാണ് തുഴച്ചിലുകാർ മത്സരത്തിൽ പങ്കെടുക്കുക. രജിസ്ട്രേഷൻ നടത്തുമ്പോൾ തുഴച്ചിലുകാരുടെ തിരിച്ചറിയൽ രേഖയും രണ്ടു ഫോട്ടോയും നൽകണം. തിരിച്ചറിയൽ കാർഡിന് ചിത്രവും മറ്റുവിവരങ്ങളും ഓഗസ്റ്റ് രണ്ടിനകം നൽകണം.

## വള്ളം രജിസ്ട്രേഷൻ 25 വരെ നീട്ടി

വള്ളങ്ങളുടെ രജിസ്ട്രേഷൻ ജൂലൈ 25 വരെ നീട്ടാൻ എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു. മൊത്തം ആറുവള്ളങ്ങൾ ഇതുവരെ രജിസ്റ്റർ ചെയ്തു. നാലു ചുണ്ടൻ വള്ളങ്ങളും രണ്ട് ഇരുട്ടുകുത്തി വള്ളങ്ങളുമാണ് രജിസ്റ്റർ ചെയ്തത്.

## വള്ളങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റായി 14.35 ലക്ഷം

വള്ളങ്ങൾക്കുള്ള 2016ലെ മെയിന്റനൻസ് ഗ്രാന്റായി 14.35 ലക്ഷം രൂപ നൽകിയതായി ആർ.ഡി.ഒ. എസ്. മുരളീധരൻപിള്ള പറഞ്ഞു. ചുണ്ടൻ വള്ളങ്ങൾക്ക് 40,000 രൂപ വീതം 8.80 ലക്ഷം രൂപയും ചെറുവള്ളങ്ങൾക്ക് എ ഗ്രേഡിന് 25,000 രൂപയും ബി ഗ്രേഡിന് 20,000 രൂപയും തെക്കനോടി, ചുരുളൻ വള്ളങ്ങൾക്ക് 15,000 രൂപയും വീതം മൊത്തം 5.55 ലക്ഷം രൂപയും വിതരണം ചെയ്തു.

(പി.എൻ.എ. 1671/17)

# നെഹ്റു ട്രോഫി സ്വാഗതസംഘം ഓഫീസ് തുറന്നു

ആലപ്പുഴ: 65-ാമത് നെഹ്റു ട്രോഫി വള്ളംകളിക്കുള്ള ഒരുക്കം തുടങ്ങിയതായി ജില്ലാ കളക്ടർ വീണ എൻ. മാധവൻ പറഞ്ഞു. ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസിൽ ആരംഭിച്ച നെഹ്റു ട്രോഫി സ്വാഗതസംഘം ഓഫീസിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കളക്ടർ. പവിലിയന്റെ അറ്റകുറ്റപ്പണികൾ ആരംഭിച്ചു. ട്രാക്കിന്റെ ആഴംകൂട്ടൽ തിങ്കളാഴ്ച തുടങ്ങുമെന്നും കളക്ടർ പറഞ്ഞു.

സൊസൈറ്റി സെക്രട്ടറിയായ ആർ.ഡി.ഒ. എസ്. മുരളീധരൻപിള്ള, പബ്ലിസിറ്റി കമ്മിറ്റി കൺവീനറായ ചന്ദ്രഹാസൻ വടുതല, ഇൻഫ്രാസ്ട്രക്ച്ചർ കമ്മിറ്റി കൺവീനറായ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ആർ. രേഖ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റ്റി.ജി. അഭിലാഷ് കുമാർ, ഡി.റ്റി.പി.സി. സെക്രട്ടറി മാലിൻ മുരളീധരൻ, ബേബി പാറക്കാടൻ, എം.വി. ഹൽത്താഫ്, എസ്.എം. ഇക്ബാൽ, സുബാഷ് ബാബു, അബ്ദുൾ സലാം ലബ്ബ എന്നിവർ പങ്കെടുത്തു.

(പി.എൻ.എ. 1672/17)

// തുടരും //